LIBRARY ARCHIVES Kerala Legislative Assembly

കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം

221 (910) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ എത്ര കുളങ്ങളുടെ നവീകരണത്തിന് ജലവിഭവ വകുപ്പിൽനിന്നും ഭരണാനുമതി ലഭിച്ചു; അവ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാൻ സാധിക്കാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ മൂന്ന് കുളങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു:

1.	വെണ്ടാർ ചിറ	...	കുളക്കട പഞ്ചായത്ത്
2.	മുളയറക്കോണം -തലക്കുളം	...	പവിത്രേശ്വരം പഞ്ചായത്ത്
3.	വേലംകോണം ചിറ	...	കൊട്ടാരക്കര പഞ്ചായത്ത്

(ബി&സി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുള്ളതുകൊണ്ട് പ്രസ്തുത പ്രവൃത്തികൾ തുടങ്ങാൻ സാധിച്ചില്ല.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

222 (911) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന മട്ടന്നൂർ നിയോജക മണ്ഡലത്തിൽ 2011 മേയ് മുതൽ നാളിതുവരെ നടത്തിയ പ്രവൃത്തികളെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന മട്ടന്നൂർ നിയോജക മണ്ഡലത്തിൽ 2011 മേയ് മുതൽ നാളിതുവരെ നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്